# അക്ഷര മുറ്റം



Little kites

MMM HSS KUTTAYI










MOULANA

റവന്യൂ ജില്ല

മലപ്പുറം

വിദ്യാഭ്യാസ ജില്ല

തിരൂർ

ഉപജില്ല

തിരൂർ

പ്രധാന അധ്യാപകൻ

ബിന്ദുലാൽ സി

പി.ടി.എ പ്രസിഡണ്ട്

ഹക്കീം

# ഇന്നലെകൾ

നമുക്കേറ്റവും സങ്കടകരും സന്തോഷകരവും തരുന്നത് നമ്മുടെ കഴിഞ്ഞുപോയാൽ ഇന്നലകൾ ആയിരിക്കാം.വീണ്ടും നമ്മുടെ ജീവിതത്തിൽ വന്നിരുന്നെങ്കിൽ എന്ന് നമ്മൾ ആഗ്രഹിച്ചിരുന്ന പോകും. അങ്ങനെ നമ്മുടെ പോലെയായിരുന്ന ഒരു കുട്ടിയാണ് സിംല. ഡൽഹിയിലെ ഒരു ഗ്രാമത്തിലാണ് ജനിച്ചത്.പാവപ്പെട്ട കുടുംബം ആയിരുന്നു അവളുടേത്. അവൾക്ക് ഇപ്പോൾ ഏകദേശം 15 വയസ്സ് ഉണ്ടാകും. ചെറിയ മുഖമായിരുന്നു സിംലക്ക്. അവളുടെ അച്ഛനും അമ്മയ്ക്കും പ്രായമായി. സിംലയും സിനിമയുടെ അച്ഛനും നല്ല ഭംഗിയായി പാട്ടുകൾ പാടുമായിരുന്നു. അച്ഛനായിരുന്നു അവളെ പാട്ടുകൾ പഠിപ്പിച്ചത്. സിംലക്ക്ഏട്ടനും കൂടിയുണ്ടായിരുന്നു. അവൾക്ക് ഏറെ ഇഷ്ടമായിരുന്നു അവളുടെ ചേട്ടനെ. ചേട്ടന് ഒരു 20 വയസ്സ് കാണും. ഇവരുടെ രണ്ടാളുടെയും സ്നേഹം കണ്ട് അവരുടെ അമ്മയ്ക്കും അച്ഛനും ഏറെ സന്തോഷമായിരുന്നു. അവരുടെ ഗ്രാമത്തിൽ വീടുകൾ അകലെയായിരുന്നു. സിംലയുടെ അച്ഛൻ കൃഷി ചെയ്തിട്ടാണ് ഇവർക്ക് ഭക്ഷണം കൊടുത്തിരുന്നത്. സിംലയുടെ ചേട്ടൻ സിംലയുടെ 10 വയസ്സിൽ തന്നെ മരിച്ചുപോയിരുന്നു. സിംല ഇപ്പോഴും സിംലയുടെ മരിച്ചുപോയ ഏട്ടനെ ഓർത്ത് വിഷമിക്കുന്നുണ്ട്. സിംലയും അവളുടെ ചേട്ടനും കൂടി ഒരു ദിവസം കളിക്കാനായി പുഴയുടെ അരികിൽ ചെന്നു അവർ സാധാരണ കളിക്കാൻ പോകുന്നത് അവിടെയായിരുന്നു. ഒരു ദിവസം സിംലയും അവളുടെ ചേട്ടനും കൂടി കളിക്കുന്നിടയിൽ അവളുടെ ചേട്ടൻ പുഴയിലേക്ക് കാല് വഴുതി വീഴുകയുണ്ടായി. സിംല 'അയ്യോ എന്റെ ചേട്ടാ' എന്ന് ശബ്ദമുണ്ടാക്കി കരഞ്ഞു വിളിച്ചുപറഞ്ഞു. അവിടെയുള്ള ആളുകൾ ഓടി എത്തിയിരുന്നെങ്കിലും അവളുടെ ചേട്ടനെ രക്ഷിക്കാനായില്ല. അവൾ ആകെ തളർന്നുപോയി. അവൾ അവിടെ തലകറങ്ങി വീണു. പിന്നെ അവൾ കണ്ണ് തുറന്നപ്പോൾ കണ്ടത് അവളുടെ ചേട്ടന്റെ ജീവനില്ലാത്ത ശരീരം മാത്രമായിരുന്നു.അവൾക്കത് സഹിക്കാൻ കഴിയുന്നതിലും അപ്പുറമായിരുന്നു. അവളുടെ അച്ഛനും അമ്മയും അതുപോലെ തന്നെയായിരുന്നു. കരഞ്ഞ് കരഞ്ഞ് അറ്റമില്ലായിരുന്നു

ഇപ്പോൾ ചേട്ടൻ ഈ ലോകം വിട്ടു പോയിട്ട് അഞ്ചുവർഷമായി. അവളുടെ മനസ്സിൽ ഇപ്പോഴും ചേട്ടനോടുള്ള ഇഷ്ടം കുറഞ്ഞിട്ടില്ല. ചേട്ടൻ മരിച്ച ആ ദിവസം അവൾ തളർന്നു കരയുമായിരുന്നു. അവളുടെ അച്ഛനും അമ്മയും അവളെ സമാധാനിപ്പിക്കാൻ ആയി നിൽക്കും. അവളുടെ അച്ഛനും അമ്മയും അവൾ കാണാതെ കരയും. അവൾ കണ്ടാൽ അവൾക്ക് അത് ഏറെ സങ്കടം ആകും. സിംല കരയുമ്പോൾ അവൾക്ക് ധൈര്യം പകരുന്നത് അവളുടെ അച്ഛനും അമ്മയും ആണ്. അങ്ങനെയിരിക്കെ അവൾ കരയുന്നത് കണ്ടാൽ സിംലയ്ക്ക് താങ്ങാൻ കഴിയില്ല

സിംലയുടെ മനസ്സിലെ ഏറ്റവും കഠിനമേറിയ വിഷമം അവളുടെ ചേട്ടൻ മരിച്ചതായിരുന്നു. അവൾക്ക് ജീവിതകാലം മുഴുവൻ വിഷമമുള്ള ഒരു കാര്യമാണിത്. അവളുടെ ചേട്ടൻ അവളുടെ കൂടെ ഉണ്ട് എന്നാണ് സിനിമയുടെ വിശ്വാസം

# ഇന്നലത്തെ എന്റെ പ്രിയപ്പെട്ടവർ

ഞാൻ നാലാം ക്ലാസിൽ പഠിക്കുന്ന സമയത്ത് എനിക്കുണ്ടായ ഒരു ചെറിയ അനുഭവമാണ് കഥ പോലെ ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്:-

ഒരു ദിവസം എന്നത്തേയും പോലെ ഞാൻ എഴുന്നേറ്റു വന്നപ്പോൾ കണ്ടത് വളരെയധികം സങ്കടപ്പെടുത്തുന്ന ഒരു കാഴ്ചയായിരുന്നു അത് എന്റെ സ്വന്തം പെറ്റ് ആയ എന്റെ പൂച്ചക്കുട്ടി മരിച്ചുപോയതായിരുന്നു എനിക്ക് അത് വളരെയധികം സങ്കടം വരുത്തി ഞാൻ പൊന്നുപോലെ നോക്കിയ എന്റെ കൊച്ചു പൂച്ചക്കുട്ടി യ അവൾ സങ്കടം സഹിക്കാൻ വയ്യാതെ പൊട്ടിക്കരഞ്ഞു അത് ഒരു തിങ്കളാഴ്ച ആയിരുന്നു അതിനാൽ എനിക്ക് സ്ക്കൂളിൽ പോകണമായിരുന്നു എന്റെ ഉമ്മ എനിക്ക് കഴിക്കാൻ ഉള്ള പ്രഭാത ഭക്ഷണം മായി വന്നു.ഞാൻ അത് വാങ്ങി ഉമ്മ എന്നോട് അത് കഴിച്ചു പോയി കുളിക്കാൻ ആവശ്യപ്പെട്ടു. ഞാൻ അത് കഴിച്ച ശേഷം ഉമ്മ പറഞ്ഞ പോലെ പോയി കുളിച് യൂണിഫോമും ഇട്ട് ബാഗും എടുത്ത് സ്ക്കൂൾ ബസ് കാത്തു നിന്നു അങ്ങനെ ബസ് വന്നു അപ്പോഴും എന്റെ മനസ്സിൽ  പൂച്ചയുടെ ഓർമ്മകൾ ആയിരുന്നു സ്ക്കൂൾ ബസ്സിൽ ഇരിക്കുന്ന എന്റെ ബെസ്റ്റ് യുടെ അടുത്ത പോയിരുന്നു സങ്കടം പങ്കുവെച്ചു അവൾ എന്നോട് പറഞ്ഞു ഇന്ന് ഞാൻ മദ്രസയിൽ പോയപ്പോൾ ഷിഫാനയെ കണ്ടിരുന്നു ഇന്ന് സ്ക്കൂളിൽ അവൾ വരില്ല എന്ന് എന്നോട് പറഞ്ഞു ഞാൻ ഒന്ന് മൂളുക മാത്രം ചെയ്തു എന്റെ തൊട്ടടുത്ത് ഇരിക്കുന്നത് ഷിഫാന ആയിരുന്നു അവൾ വരാത്തതിനാൽ എനിക്ക് വിഷമം ഉണ്ട് എന്നെ മനസ്സിലാക്കിയ എന്റെ ബെസ്റ്റ് ഫഹ് മിയ എന്റെ കൂടെ ഇരിക്കാം എന്ന് പറഞ്ഞു അങ്ങനെ അവൾ എന്റെ അടുക്കൽ ഇരിക്കാൻ വേണ്ടി വന്നു അവൾ ടീച്ചറുടെ അടുക്കൽ പോയി ടീച്ചറോട് കാര്യം പറഞ്ഞപ്പോൾ ടീച്ചർ പറഞ്ഞു നീ എന്നും ഇരിക്കുന്ന പോലെ ഇരുന്നാൽ മതി ക്ലാസിൽ പോയി രണ്ടാളും എനിക്ക് അത് നല്ല സങ്കടം ഉണ്ടാക്കി ഞങ്ങൾ രണ്ടുപേരും പോയി ക്ലാസ്സിൽ ഇരുന്നു. പിന്നീട് ഞങ്ങളുടെ ക്ലാസ്സിൽ ആൺകുട്ടികളായി ദോഹ സിജിഎസ് ഷാക്കിബ് എന്നിവർ എന്റെ പേര് വിളിച്ചു കളിയാക്കി ഒന്നാമത് സങ്കടത്തിൽ ഇരിക്കുകയാണ് ഞാൻ അതുകാരണം വീണ്ടും സങ്കടം വർദ്ധിച്ചു പിന്നെ മിസ്സ് ക്ലാസ്സ്  എടുക്കാൻ വന്നപ്പോൾ ഞാൻ  ടെസ്റ്റ് എടുക്കാൻ മറന്നിരുന്നു അതുകാരണം എനിക്ക് അടി കിട്ടി കൂടുതൽ സങ്കടം വർദ്ധിക്കുക മാത്രം ചെയ്തു അങ്ങനെ ആ ദിവസം മാറിമറിഞ്ഞ് ഇപ്പോഴും ആ ദിവസം ഓർത്ത് ദുഃഖവും ആ ദിവസത്തെ വിധി അത്രതന്നെ.....

## സ്നേഹം

എന്റെ ഉമ്മയും ഉപ്പയും പുസ്തകം ഇല്ലാതെ
പാഠമാണ് സ്നേഹം
അവരല്ലാതെ എന്നെയൂട്ടിയ അമൃതാണ് സ്നേഹം
അവരു ഉറങ്ങാതെ എനിക്ക് പാടിയ താരാട്ടാണ് സ്നേഹം
കൃതികൾക്ക് മുന്നിലെ അവരുടെ ക്ഷമയാണ് സ്നേഹം
എന്നിൽ അഴുക്കുപറ്റാതെ  അവരെന്നെ കരുതിയതാണ്
സ്നേഹം
അവരിൽ നിന്ന് കിട്ടിയ വേദന ഇല്ലാത്ത അടിയാണ് സ്നേഹം
എനിക്ക് വേണ്ടി ജീവിക്കുന്നവരാണെന്ന് പറയാത്തതാണ്
സ്നേഹം
എനിക്ക് വേണ്ടി ജീവിച്ചവരെ ഞാൻ
മറക്കാതിരിക്കുന്നതാണ് എന്റെ ലക്ഷ്യം

റിഷാന നെസറിൻ
5 A

## സുന്ദരമായ കാഴ്ചകൾ

--------------------------------

ഒരു മനോഹര മഴ
ആ മഴയെ കണ്ണുകൊണ്ടൊ
രു ഫോട്ടോ കോപ്പി
കണ്ണിൽ നിന്നും മായാത്ത ചി
ത്രം മനോഹരം
ഒരു മനോഹരമായ പൂന്തോട്ടം
ആ പൂന്തോട്ടം മനസ്സിൽ കാഴ്
ചകൊണ്ട് ഒരു പ്രിന്റ്
മനസ്സിൽ നിന്നും മായാത്ത
ഒരു മനോഹര ചിത്രം
പച്ചനിറം പൂശിയ
പുൽമേട്ടുകൾ കാണാൻ
എന്ത് മനോഹരം
എന്ത് സുന്ദരം
അന്ധനായ വരെ സഹായി
ക്കുന്ന കൊച്ചു പയ്യൻ
അതിന്റെ മനസ്സ് വിടർന്നു
നിൽക്കുന്ന് പൂ പോലെയാണ്
എന്തു സുന്ദരം
കണ്ണില്ല എങ്കിൽ കാ
ണാൻ പറ്റില്ലാത്ത കാഴ്ചകൾ
കണ്ണില്ലാത്തമ്മയ്ക്ക് തന്റെ
കുഞ്ഞിനെ കാണാത്ത വിഷമം
അമ്മയെ സമാധാനി
പിക്കുന്ന കുഞ്ഞ്
മനോഹരമായ കാഴ്ച

## മനസ്സിന്റെ കാഴ്ചപ്പാട്

കാണുന്നതാണോ കാഴ്ച
കണ്ട് കൊണ്ട് ഇരിക്കുന്നതാണോ കാഴ്ച്ച അതൊന്നും
അല്ലയോ കാഴ്ച മനസ്സു
കൊണ്ട് കാണുന്ന് കാഴ്ചയാണ്
യഥാർത്ഥ കാഴ്ച കാഴ്ച എല്ലാം മനോഹരമാണോ!
ചില ദുർബലമായ കാഴ്ചയും കാണാറുണ്ട്
എന്നാൽ മനസ്സിന്റെ
കാഴ്ചപ്പാട് നന്നാക്കിയാൽ
എല്ലാം നല്ലതായി തീരുകയേ ഉള്ളു
എന്നാൽ പലരും മനസ്സിന്റെ കാഴ്ചപ്പാടിനെ കാണാതെ പോകുന്നു
എന്നത് യാഥാർഥ്യം
ആയ കാഴ്ചപടമല്ലേ

Minha mery 8 D

# " വിടവ് "

നീനുവും കുടുംബവും ഒരു യാത്ര പോകാൻ തീരുമാനിച്ചു. തൃശ്ശൂരിലേക്കാണ് അവരുടെ യാത്ര അവൾ പുറപ്പെട്ട 1 മണിക്കൂറിനകം ലക്ഷ്യസ്ഥാനത്ത് എത്തി നീനുവിനെ കുറിച്ചു പറയുകയാണെങ്കിൽ അവൾ ഇപ്പോൾ ഒരു ഡോക്ടറാണ് .അവൾ 3 ക്ലാസ് വരെ അമ്മയുടെ വീട്ടിലായിരുന്നു താമാസിച്ചിരുന്നതും പഠിച്ചിരുന്നതുമെല്ലാം അമ്മമ്മയുടെ വീട്ടിൽ ആരുമില്ലാതത്തിനാലാണ് നീനുവു അവളുടെ അമ്മയും അവിടെ താമസിക്കുന്നത്. ഒരു ഓണക്കാലത്ത് നീനുവിനും അമ്മമ്മയക്കും വസ്ത്രങ്ങൾ എടുക്കാനായി വസ്ത്രാലയത്തിലേക്ക് നീനുവിന്റെ അമ്മ പോയി. നീനു ആകാംശയോടെ അമ്മയെ കാത്തു നന്നു പക്ഷെ രാത്രിയായിട്ടും അമ്മയെ കാണാതെയായപ്പോൾ നീതുവിനു വളരെയധികം സങ്കടമായി. അവൾ അറിയാതെ ഉറങ്ങിപ്പോയി.പിറ്റെ ദിവസം ഉറക്കമുണർന്നപ്പോൾ അമ്മയെ അവൾ അമ്മയോടെ തിരക്കി അപ്പോൾ അമ്മമ്മ പറഞ്ഞു " മോളു പോടിക്കേണ്ട അമ്മ ഇപ്പോ വരും" അങ്ങനെ പറഞ്ഞെങ്കിലും നിനുവിനു സങ്കടം മാറിയില്ല അമ്മമ്മയുടെ മൈബൈൽ ഫോൺ എടുത്ത് അമ്മയെ വിളിച്ചു. പക്ഷെ എടുത്തില്ല പെട്ടെന്ന് അമ്മമ്മയുടെ ഫോണിലേക്ക് ഒരു കോൾ വന്നു. അമ്മയാകും എന്ന വിചാരിച്ച് കൊണ്ട് ഫോൺ എടുത്തു പക്ഷെ അമ്മയായിരുന്നില്ല. അവളുടെ ഒരു മാമാനായിരുന്നു മാമൻ അവളോട് ചോദിച്ചു" മോളെ അമ്മമ്മയെവിടെ" അവൾ അമ്മമ്മയ്ക്ക് കൊടുത്തു. അമ്മമ്മയോട് മാമൻ പറഞ്ഞു" അമ്മ പെട്ടെന്ന് മോളെയു കൂട്ടി ജില്ലാശുപത്രിയിലേക്ക് വരണം" അമ്മമ്മ ഒന്നു ഭയന്നുവെങ്കിലും . പെട്ടെന്ന് ആശുപത്രിയിലേക്ക് പുറപ്പെട്ടു പോകുന്നതിനിടയിൽ നീനു ഇടയ്ക്കിടയ്ക്ക് ചോദിക്കുന്നുണ്ട് എന്താണ് എന്ന് പക്ഷെ മറുപടി പറഞ്ഞില്ല അശുപത്രിയിൽ എത്തിയപ്പോൾ. അമ്മമ്മയുടെ അനിയത്തിയായിരുന്നു അശുപത്രിയിൽ .ICU വിൽ ആയിരുന്നു. പിന്നെയും അമ്മയെ കാണുന്നില്ല. അവൾ വിഷമിച്ചു. അയൽ വാസിയിലുള്ള ഒരു ചേച്ചി അവൾക്ക് ഒരു ഫോട്ടോ കാണിച്ചു കൊടുത്തു. അവളുടെ അമ്മയും ഒരു മാമനും പൂമാലയോക്കെ ഇട്ടു നിൽക്കുന്ന ഒരു ഫോട്ടോ . അവൾ സങ്കടത്തിൽ അഴന്നു പോയി. അന്ന് മുതൽ അവൾക്ക് അമ്മയോട് ദേഷ്യമായി. അടുത്ത ദിവസം തന്നെ അച്ഛന്റെ വീട്ടിൽ ഉള്ളവർ വന്ന് അവളെ കൂട്ടിക്കൊണ്ടുപോയി. പിന്നെ അവൾ പഠിച്ചത്തും വളർന്നതും എല്ലാം അവിടെയാണ്. ആ വിഷമം അവളെ വിട്ടുപോകാൻ വളരെയധികം സമയം എടുത്തു. അവളിലേക്ക് എല്ലാവരും ഒരു ഊർജം കടത്തി കൊടുത്തു. അവളുടെ വല്യമ്മ അവളോട്ടു പറഞ്ഞു" മോളെ നിന്നെ വേണ്ടാഞ്ഞിട്ട് പോയതല്ലെ നീ അവരെ ഓർത്ത് വിഷമിക്കേണ്ട് നീ നന്നായി പഠിച്ച ലോക അറിയപ്പെടുന്ന ആരെങ്കിലുമായി തിരണം അപ്പോൾ നിന്റെ വില മനസ്സിലാക്കു" ഈ വാക്കിന്റെ ശക്തിയിലാണ് അവൾ പഠിച്ച് ഉയർന്ന വിദ്യാഭ്യാസം നേടി ഒരു അറിയപ്പെടുന്ന ഒരു ഡോക്ടാറായത് ഇതാണ് നീനുവിന്റെ കഥ . പിന്നീട് തൃശ്ശൂരിൽ വച്ച് ഒരു നോക്ക് അവളുടെ അമ്മയായിരുന്ന സ്ത്രീയെ കണ്ടപ്പോൾ അവൾ ഓർത്തത് ഇന്ന് ഒരുപാട് കുട്ടികൾ അമ്മയുടെ സ്നേഹവും കരുതലും മില്ലാതെ കഴിയുന്നുണ്ട് അതിൽ ഒരാളുടെ ഒരു ഓർമ്മ മാത്രമാണ് ഇത്. ഇതിലെ ഗുണപാഠ ഒരോ അമ്മമാരും അറിഞ്ഞിരിക്കേണ്ടതാണ് നിങ്ങൾ വേദനിപ്പിച്ച ഓരോ കുട്ടികളുടെയും ശാപം നിങ്ങൾക്കുണ്ടാകും. ഞാൻ നിർത്തുന്നു...............

അർച്ചന .വി. വി

8. D

# പുതിയ ലോകവും കുട്ടികളും

കൂട്ടുകാരെ ഇപ്പോൾ പഠിക്കുന്ന കുട്ടികൾ പല ചീത്ത ശീലങ്ങളിലും ഏർപ്പെടുന്നു. എന്തിന് ഇപ്പോൾ കണ്ടുവരുന്ന ലഹരി.ആൺകുട്ടികൾ എന്നോ പെൺകുട്ടികൾ എന്നോ വേർതിരിവില്ലാതെ ഉപയോഗിക്കുന്നു നമുക്ക് ഇനിഒരു കുട്ടിയെ പരിചയപ്പെട്ടാലോ?അമ്മു വെറും 15 വയസ്സ് മാത്രമുള്ളകുട്ടി.നല്ല കുട്ടിനല്ല പഠിക്കുന്ന എല്ലാവരുടെയും പ്രിയപ്പെട്ട എല്ലാവർക്കും നല്ല അഭിപ്രായമുള്ള മിടുക്കിയായ അമ്മു. പിന്നെ പിന്നെ അവൾ ചീത്ത കുട്ടിയായി തീരെ പഠിക്കാതെയായി അവൾക്കെന്തോ സംഭവിച്ചതെന്ന് അറി യാണ്ടേ? ഒരു ദിവസം അമ്മു കൂട്ടുകാരോടൊപ്പം സ്കൂളിലേക്ക് പോവുകയായിരുന്നു.വയിൽ ഒരു കടയിൽ നിന്ന് കൂട്ടുകാർ ഒരു പൊതി വാങ്ങിച്ചു. ചെറിയ വിലയായിരുന്നു. കൂട്ടുകാർ അമ്മുവിനെ അതു വാങ്ങാൻ നിർബന്ധിപ്പിച്ചു. "അമ്മു ഇതു വാങ്ങൂ വില കുറവാണ് കൂടാതെ നല്ല രുചിയും. നീയൊന്ന് രുചിച്ചു നോക്കു. " വേണ്ട' അച്ഛൻ പറഞ്ഞിട്ടുണ്ട് സ്കൂളിനടുത്തുള്ള കടയിൽ നിന്നും ഒന്നും വാങ്ങരുതെന്ന്. പ്രത്യേകിച്ച് plane കവറിൽനൽകുന്നവ."അമ്മു പറഞ്ഞു." എന്നാൽ ശരി' നീ വാങ്ങണ്ട"കൂട്ടുകാർ പറഞ്ഞു. പിറ്റേ ദിവസവും ഇത് തുടർന്നു കുറച്ചുനാളുകൾക്ക് ശേഷം അമ്മുവിന് ഒരു ആഗ്രഹം ഇത് ഒന്ന് രുചി നോക്കിയാലോ.അങ്ങനെ അവൾ ഒരു ദിവസം കൂട്ടുകാർക്ക് ഒപ്പം അത് രുചിച്ച് നോക്കി. അവൾ പോലും അറിയാതെ അവൾ മയക്കു മരുന്നുകളുടെ ലോകത്തേക്ക് ചുവടുവെച്ചു. പിന്നെ പിന്നെ അവളുടെ സ്വഭാവത്തിൽ മാറ്റങ്ങൾ വരാൻ തുടങ്ങി. അച്ഛനും അമ്മയുംപേടിച്ചു. അവർ പെട്ടെന്ന് തന്നെ കൗൺസിലിംഗ് ചെയ്തു. വിവരം അറിഞ്ഞു. അമ്മുവിനെ ജീവിതത്തിലേക്ക് കൊണ്ടുവരാൻ അവർ എക്സൈസ് ഓഫീസറുടെ സഹായം തേടി.അങ്ങിനെ അവർക്ക് അവളെ തിരിച്ചു കിട്ടി അവരുടെ എല്ലാത്തിനും സമർത്ഥയായ അമ്മുവായി.കൂട്ടുകാരെ'നിങ്ങൾ പരിചയപ്പെട്ടല്ലോ അമ്മുവിനെ നമ്മളിൽ ആരും ഇനി plane കവറിലെ സൗജന്യമായി കിട്ടുന്നത് വാങ്ങി കഴിക്കില്ല എന്ന് പ്രതിജ്ഞ എടുക്കണം. എടുത്താൽ മാത്രം പോരാ അത് പ്രവർത്തിക്കുകയും വേണം

ശ്രീലക്ഷ്മി
6A

## മനസ്സിന്റെ കാഴ്ചപ്പാട്

കാണുന്നതാണോ കാഴ്ച
കണ്ട് കൊണ്ട് ഇരിക്കുന്നതാണോ കാഴ്ച്ച അതൊന്നും
അല്ലയോ കാഴ്ച മനസ്സ്
കൊണ്ട് കാണുന്ന കാഴ്ചയാണ്
യഥാർത്ഥ കാഴ്ച കാഴ്ച എല്ലാം മനോഹരമാണോ!
ചില ദുർബലമായ കാഴ്ചയും കാണാറുണ്ട്
എന്നാൽ മനസ്സിന്റെ
കാഴ്ചപ്പാട് നന്നാക്കിയാൽ
എല്ലാം നല്ലതായി തീരുകയേ ഉള്ളൂ
എന്നാൽ പലരും മനസ്സിന്റെ കാഴ്ചപ്പാടിനെ കാണാതെ പോകുന്നു എന്നത് യാഥാർഥ്യം
ആയ കാഴ്ചപടമല്ലേ

Minha mery 8 D

# കൊഴിഞ്ഞുപോയ ഇന്നലെകൾ

കണ്ണിൽ സൂര്യന്റെ പ്രകാശം വന്ന്  മെല്ലെ തലോടി പതിയെ കണ്ണുകൾ തുറന്നു ഒരു ദീർഘ ഉറക്കം കഴിഞ്ഞപോലെ തോന്നി. മനസ്സിന് എന്തോ ഒരു പ്രയാസം പോലെ ഞാൻ അത് കാര്യമാക്കിയില്ല ഇന്നലെ യാത്ര ചെയ്ത ക്ഷീണം ആവും എന്ന് കരുതി. ഞാൻ ഉപ്പാന്റെ അടുത്തേക്ക് പോയി ഉപ്പ നല്ല  പത്രവായനയിലാണ് ഒരു ഷീറ്റ് എനിക്ക് തന്നു ഉപ്പയ്ക്ക്  അറിയാം ഞാൻ പത്രത്തിൽ ചരമ കോളം മാത്രം വായിക്കുകയുള്ളൂ എന്ന്  ഞാൻ ചരമകോളം നോക്കി നിൽക്കാണ് നല്ല പരിചയം ഉള്ള മുഖം പെട്ടെന്ന് മനസ്സിൽ വല്ലാത്ത പേടി കൂടി അതേസമയം കുറെ ഓർമ്മകളും ഞാൻ സ്വയം മന്ത്രിച്ചു ഇത് അവനല്ലേ ഇന്നലെ കണ്ട ആ ചെറുക്കൻ അവൻ മരണപ്പെട്ടോ അതോ......  പേടിയോടെ ഞാൻ എന്നെ തന്നെ മറന്നു നിൽക്കുന്നു അവിടെ ആകെ നിശബ്ദമായ പോലെ. പെട്ടെന്ന് ആ നിശബ്ദയുടെ ചങ്ങല പൊട്ടിച്ച് ഉപ്പ സംസാരിക്കാൻ തുടങ്ങി ഇന്നലെ ഒരു ചെറുപ്പക്കാരൻ തീവണ്ടിക്ക് തല വെച്ചു എന്ന് ഉപ്പ ഉമ്മാനോട് പറഞ്ഞു ഒരു ദീർഘ ശ്വാസം എടുത്ത് ഞാൻ ആ ചെറുപ്പക്കാരന്റെ പതിപ്പിച്ച ചിത്രത്തിലേക്ക് ഒന്ന് കണ്ണോടിച്ചു.പെട്ടെന്ന് വീണ്ടും നിശബ്ദമായ പോലെ അപ്പോ സാധാരണ മരണം അല്ല ആത്മഹത്യ ആണ്. അപ്പോ അവൻ ഇന്നലെ പറഞ്ഞതൊക്കെ സത്യമായിരുന്നു അല്ലേ. ഞാൻ പതിയെ എന്റെ മുറിയിലേക്ക് പോയി ഇന്നലെ അവൻ പറഞ്ഞത് എന്റെ ഓർമ്മകളിലേക്ക് വന്നു. അപ്പോൾ ഞാൻ ഒന്ന് കേൾക്കാൻ വേണ്ടി ഇരുന്നു കൊടുക്കുക ആയിരുന്നെങ്കിൽ ഇന്ന് അവൻ ജീവനോടെ ഉണ്ടാകും. പെട്ടെന്ന് വാതിലിൽ ആരോ മുട്ടി ഞാൻ തുറന്നു സമനില തെറ്റി കിടക്കുന്ന എന്നെ നോക്കി എന്റെ മനസ്സ്  അറിഞ്ഞപോലെ ഉപ്പ പറഞ്ഞു.  കഴിഞ്ഞതൊക്കെ   ഇനി ശ്രദ്ധിക്കുക എല്ലാവർക്കും ഒരു തെറ്റ് ഒക്കെ പറ്റും പക്ഷേ ഇനി ആവർത്തിക്കാതിരിക്കുക ഇത് ഒരു കൊഴിഞ്ഞുപോയ ഇന്നലെ ആയി കരുതുക   ആ ആശ്വാസ വാക്കുകൾ മനസ്സിൽ തന്നെ തറച്ചു ഇനിയും ആരെയും ആ അവസ്ഥയിൽ ഇരുത്തില എന്ന ഉറച്ച തീരുമാനം എടുത്തിട്ട്.

# കാഴ്ച

അതാ പോകുന്നു കുട്ടികൾ പുത്തനുടുപ്പിട്ടു പുത്തൻ ബാഗുമായി പുത്തൻ കുട ചൂടിയും ആർത്തുല്ലസിച്ചും അവർ അതാ പോകുന്നു എന്തൊരു  ഭംഗി  എന്തൊരു ഭംഗി വരിവരിയായി അവർ പോകുന്നത് കാണാൻ എന്തൊരു സന്തോഷം എന്തൊരു സന്തോഷം അവരെ കാണുമ്പോൾ എന്നിൽ!

എന്നാൽ അതാ അതിലൊരു കുട്ടി പുത്തനുടുപ്പുമിട്ട് പുത്തൻകുടയുമുണ്ട് എന്നാൽ കഴിയുന്നില്ല അവൾക്ക് ആരുടെയും സഹായമില്ലാതെ നടക്കാൻ അവൾക്കുണ്ട് കണ്ണിൽ കറുത്തൊരു കണ്ണാടി

തേടുന്നു അവൾ ഒരു സഹായം തനിക്ക് നടക്കാൻ വേണ്ടിഉടനടി അതാ വരുന്നൊരു കുട്ടി. അവൾ അവൾക്കു നേരെ കൈപിടിക്കുന്നു അവളുടെ മുഖത്ത് ഒരു കുഞ്ഞു പുഞ്ചിരി വിടരുന്നു നടക്കുന്നു അവർ നടക്കുന്നു കൈകോർത്തു നടക്കുന്ന മേലെ നിന്നു താഴേക്കിട്ടുന്ന മഴത്തുള്ളിയും കൂടെ അവളുടെ കണ്ണുനീരും ഇറ്റി വീഴുന്നു

തിരൂർ : മൗലാന മുഹമ്മദ് കുട്ടി മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിൽ കുഞ്ഞുമക്കൾ മികവുത്സവം തകർത്താടി. കുട്ടികളുടെ പ്രിയപ്പെട്ട പ്രിൻസിപ്പൽ ബിന്ദുലാൽ സാർ അധ്യക്ഷൻ വഹിച്ചു. UP SRG കൺവീനർ ജോസഫ് സ്റ്റീഫൻ സാർ സ്വാഗതം പറഞ്ഞു. വാർഡ് മെമ്പർ ശ്രീമതി നഫീസ മോൾ ഉദ്ഘാടനം ചെയ്തു. മാനേജർ ശ്രീ മുഹമ്മദ് യാസീൻ, PTA PRESIDENT ശ്രീ ഹക്കീം, ഹയർ സെക്കൻഡറി പ്രിൻസിപ്പൽ




ശ്രീമതി ഷൈനി ടീച്ചർ,STAFF സെക്രട്ടറി ശ്രീ റോമിയോ ഡേവിഡ്, HS SRG കൺവീനർ ശ്രീ ഷെഫീഖ് സാറ് ആശംസകൾ അർപ്പിച്ചു. തുടർന്ന് പഠന മികവുകളുടെ അവതരണം കുട്ടികൾ ഗംഭീരമായി ചെയ്തു. ഉച്ചഭക്ഷണം സദ്യ, കുട്ടികൾക്കും മാതാപിതാക്കൾക്കും ഉണ്ടായിരുന്നു. 10:00 മുതൽ 4:00 വരെ ഗംഭീരമായി പരിപാടി നടന്നു.UP STUDENT ശ്രീലക്ഷ്മി.M അധ്യക്ഷന്റെ

ഫെബ്രുവരി 15 ദേശീയ ഉററ്റു ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി എംഎംഎച്ച്എസ്എസ് കൂട്ടായി സ്കൂളിൽ സമുചിതമായി ആഘോഷിച്ചു. 40 വർഷക്കാലംകൂട്ടായി പോസ്റ്റ് മാനായി ജോലി ചെയ്തുവരുന്ന ശ്രീ ഇസ്ഹാഖ് താണിക്കാടിനെ ആദരിച്ചു .ചടങ്ങിൽ സന്തോഷ് മാസ്റ്റർ (ഹെഡ്മാസ്റ്റർ ഇൻചാർജ് ) അധ്യക്ഷത വഹിച്ചു ഉപഹാര സമർപ്പണം പ്രമീള ജനാർദ്ദനൻ ടീച്ചർ നിർവഹിച്ചു.
.മികച്ച വിദ്യാർത്ഥികളായ മുഹമ്മദ് അൻഫിൽ 9E ദേവാനന്ദ് എന്നിവരെ ക്ലാസ് ടീച്ചർമാരായ സൗദാബി ടീച്ചറും ജാസ്മിൻ ടീച്ചറും സർട്ടിഫിക്കറ്റുകൾ വിതരണം നടത്തികുട്ടികൾക്ക്
അൽസി യാസ് ടീച്ചർമധുരം വിതരണം നടത്തി





ദേശീയ സ്കൂൾ വുഷു മെഡൽ ജേതാവ്
റിലാഷ് മുഹമ്മദിനെ ആദരിക്കുന്നു



**സംസ്ഥാന കായിക മേള മെഡൽ
ജേതാക്കളെ ആദരിക്കുന്നു**








# Little Kitesപ്രവർത്തന റിപ്പോർട്ട്

2023 ജൂൺ മാസം മുതൽ ലിറ്റിൽ കൈറ്റസിന്റെ വിവിധ പ്രവർത്തനങ്ങൾ ആരംഭിച്ചയിരുന്നു.8 ആം ക്ലാസ്സിൽ നിന്നും നാൽപതോളം കുട്ടികളെ തിരഞ്ഞെടുത്തു പരിശീലനം ആരംഭിച്ചു.
ജൂലൈ 6 ന് അദ്യത്തെ ക്യാമ്പ് നടത്തി. ഐ ടി വിദക്തൻ ഇർഷാദ് മാസ്റ്റർ ക്ലാസുകൾ എടുത്തു. തുടർന്നും IT കളമേളയിലൂടെയും മറ്റും little kites കുട്ടികൾ അവരുടെ മികവ് തെളിയിച്ചു. സെപ്റ്റംബർ 6 ന് നടന്ന് സ്കൂൾ തല ക്യാമ്പിൽ നിന്നും 8കുട്ടികളെ ഉപജില്ലാക്യാമ്പിലേക്ക് തിരഞ്ഞെടുത്തു.
ഫെബ്രുവരി മാസത്തിലെ ഡിജിറ്റൽ മാസിക നിർമാണ പരിശീലനവും നല്ല രീതിയിൽ നടന്നു മാസിക നിർമാണത്തിൽ കുട്ടികൾ മികവുറ്റ പ്രവർത്തനം കാഴ്ചവച്ചു



